# പതിനാലാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
## (2019-2021)

### ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

(2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## 2014-ലെ ദ കേരള സ്വീറ്റ് ടോഡി (നീര) റൂൾസിന്റെ (എസ്.ആർ.ഒ.നമ്പർ 116/2014) സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

# (2019-2021)

## ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

(2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**2014-ലെ ദ കേരള സ്വീറ്റ് ടോഡി (നീര) റൂൾസിന്റെ (എസ്.ആർ.ഒ.നമ്പർ 116/2014) സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട്**

134/2021.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം (എസ്.ആർ.ഒ. നമ്പർ 116/2014) | .. | 7 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

ശ്രീമതി യു. പ്രതിഭ, എം.എൽ.എ.

ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കൊല്ലവർഷം 1077-ലെ അബ്കാരി ആക്ടിൻ കീഴിൽ പുറപ്പെടുവിച്ച 2014-ലെ ദ കേരള സ്വീറ്റ് ടോഡി (നീര) ചട്ടങ്ങൾ സംബന്ധിച്ച 116/2014-ാം നമ്പർ എസ്.ആർ.ഒ. സമിതിയുടെ 3-10-2018-ലെ യോഗം പരിശോധന നടത്തുകയും നികുതി, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2020 നവംബർ 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

# റിപ്പോർട്ട്

കേരളത്തിലെ കേരകർഷകർക്കും ചെത്തുതൊഴിലാളികൾക്കും പുത്തനുണർവും വാനോളം പ്രതീക്ഷയും നൽകികൊണ്ടാണ് 'നീര' കടന്നുവന്നത്. തെങ്ങ്, കരിമ്പന, ചൂണ്ടപ്പന എന്നിവയുടെ വിരിയാത്ത പൂങ്കുലകൾ ചെത്തിയൊരുക്കുമ്പോൾ ലഭിക്കുന്ന അംശം മദ്യാംശമില്ലാത്തതും മാധുര്യമേറിയതും പുളിക്കാത്തതുമായ പ്രകൃതിദത്ത ആരോഗ്യപാനീയമാണ് 'നീര' (മധുരക്കള്ള്). മനുഷ്യ ശരീരത്തിലെ പ്രോട്ടീൻ നിർമ്മാണത്തിന് സഹായിക്കുന്ന ഗ്ലൂട്ടാമിക് ആസിഡ് എന്ന അമിനോ ആസിഡ്, പൊട്ടാസ്യം, സോഡിയം, ഇരുമ്പ്, കാത്സ്യം, വിവിധ വിറ്റാമിനുകൾ എന്നിവയുടെ കലവറയുമാണ് നീര എന്ന മധുരക്കള്ള്. ധാരാളം പോഷകഗുണങ്ങളുള്ള 'നീര' പല രോഗങ്ങളുടെയും നിവാരണത്തിന് സിദ്ധൗഷധമാണെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. നിരവധി ഗുണങ്ങൾ ഉണ്ടെങ്കിലും ഇന്നും നീരയെ ഒരു ലഘുപാനീയത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആരോഗ്യദായകമായ ഈ പാനീയത്തെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തുകയും പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 'നീര'യെ ഒരു ജനപ്രിയ പാനീയമാക്കുന്നതിനുള്ള വിപണന തന്ത്രം ആവിഷ്കരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇതിൽ നമ്മൾ വിജയിച്ചാൽ 'നീര' സ്വദേശത്ത് എന്നപോലെ വിദേശത്തും ഇഷ്ടപാനീയത്തിന്റെ ഗണത്തിൽ ഉൾപ്പെടുമെന്ന് സമിതിക്ക് ഉത്തമ വിശ്വാസമുണ്ട്.

2. കേരളത്തിൽ വിവിധ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപാദിപ്പിക്കുന്ന നീരയ്ക്ക് വ്യത്യസ്ത സ്വാദും ഗുണനിലവാരവുമാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. മറ്റൊരു വിഷയം ഉൽപാദന ചെലവിൽ വരുന്ന ഏറ്റക്കുറച്ചിലുകളും ഒരേ ഉൽപന്നത്തിന് വ്യത്യസ്ത വില ഈടാക്കുന്നതും നീരയുടെ വിപണനത്തെ സാരമായി ബാധിക്കുന്നു എന്നതാണ്. ആയതിനാൽ 'നീര' ശേഖരിക്കുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനവും സംസ്കരണത്തിന് ആധുനിക സാങ്കേതികവിദ്യയും വികസിപ്പിച്ചെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇപ്രകാരം ഉൽപാദിപ്പിക്കുന്ന നീര ഏകീകൃത ബ്രാൻഡിൽ വിപണിയിൽ എത്തിക്കുകവഴി ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനോടൊപ്പം ചെറുകിട നീര ഉൽപാദന യൂണിറ്റുകൾക്ക് ഉണ്ടാകുന്ന വലിയ സാമ്പത്തികഭാരം ലഘൂകരിക്കുവാനും സാധിക്കുന്നതാണെന്ന് സമിതി പ്രത്യാശിക്കുന്നു.

3. നമ്മുടെ സംസ്ഥാനത്തെ ഉയർന്ന ഉൽപാദന ചെലവുമൂലം നീരയുടെ വില അന്യസംസ്ഥാനത്ത് നിന്നുള്ളതിനെക്കാൾ കൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. 'നീര'യുടെ ഉയർന്ന വില സാധാരണക്കാരെയും തെങ്ങിന് ന്യായമായ പാട്ടം കിട്ടാതിരിക്കുന്നത് കേരകർഷകരെയും കായികാദ്ധ്വാനത്തിന് അനുസൃതമായി വരുമാനം ലഭിക്കാത്തത് നീര ടെക്നീഷ്യൻസിനെയും ഈ മേഖലയിൽ നിന്നും അകറ്റുന്നതിന്

കാരണമായി സമിതി നിരീക്ഷിക്കുന്നു. അന്യസംസ്ഥാനത്ത് നിന്നുള്ളതിനെക്കാൾ മികച്ച പോഷകഗുണങ്ങളാണ് കേരളത്തിൽ ഉൽപാദിപ്പിക്കുന്ന നീരയ്ക്കുള്ളതെന്ന വസ്തുത സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനോടൊപ്പം സർക്കാർ സബ്സിഡിയും നൽകുകയാണെങ്കിൽ 'നീര'യ്ക്ക് വിപണിയുടെ ഉയരങ്ങൾ താണ്ടാൻ സാധിക്കുന്നതാണെന്ന് സമിതി കരുതുന്നു.

4. അതോടൊപ്പം നീരയിൽ നിന്നും ഉണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങളായ നീര ഷുഗർ, ഹൽവ, ചക്കര, തേൻ, ബ്രഡ് സ്പ്രെഡ്, ചക്കരക്കുഴമ്പ്, ലെമൺ സ്ക്വാഷ് എന്നിവയുടെ ഗുണമേന്മയെക്കുറിച്ച് ജനങ്ങൾക്ക് അറിവ് പകരുകയും പരസ്യങ്ങളിലൂടെ വിപണി കണ്ടെത്തുന്നതിന് പരിശ്രമം ഉണ്ടാകേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

5. കൊല്ലവർഷം 1077-ലെ അബ്കാരി ആക്ടിലെ (1077-ലെ 1-ാം ആക്ട്) 29-ാം വകുപ്പും 12, 24 എന്നീ വകുപ്പുകളും കൂട്ടി വായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1107 ചിങ്ങം 6-ലെ കൊച്ചിൻ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ച 22-8-1931-ലെ 26-ാം നമ്പർ വിജ്ഞാപനം വഴി 'നീര' ഉൽപാദിപ്പിക്കുന്നതിനുള്ള ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളെ അതിലംഘിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചതാണ് 2014-ലെ ദ കേരള സ്വീറ്റ് ടോഡി (നീര) റൂൾസ് (എസ്.ആർ.ഒ. നമ്പർ 116/2014 - അനുബന്ധം).

6. 23-9-2013-ലെ ജി.ഒ.(എംഎസ്.) 160/2013/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം നീരയും അതിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളും ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി സർക്കാർ അനുമതി നൽകിയിരുന്നു. 3-2-2014-ലെ ജി.ഒ.(എംഎസ്.) 17/2014/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 23-9-2013-ലെ സർക്കാർ ഉത്തരവ് പരിഷ്കരിക്കുകയുണ്ടായി. 3-2-2014-ലെ ഉത്തരവ് പ്രകാരം നീരയുടെയും അതിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും ഉൽപാദനത്തിനും വിപണനത്തിനുമായി bonafide jaggery tappers, the Kerala State Beverages (Manufacturing and Marketing) Corporation Limited, the Coconut Producers Society/Committee, Coconut Producers Federation registered under the Coconut Development Board, Kerala Agriculture University, Agro Industries Corporation, Coconut Development Corporation എന്നിവയ്ക്ക് അനുമതി നൽകുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിലാണ് നിലവിലുള്ള ചട്ടങ്ങളെ അതിലംഘിച്ചുകൊണ്ട് 14-2-2014-ലെ ജി.ഒ.(പി.) 27/2014/ റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 2014-ലെ ദ കേരള സ്വീറ്റ് ടോഡി (നീര) റൂൾസ് പുറപ്പെടുവിച്ചതും പ്രസ്തുത ഉത്തരവ് എസ്.ആർ.ഒ. നമ്പർ 116/2014 ആയി വിജ്ഞാപനം ചെയ്തതും.

7. എസ്.ആർ.ഒ. നമ്പർ 116/2014 (2014-ലെ ദ കേരള സ്വീറ്റ് ടോഡി (നീര) റൂൾസ്) 3-10-2018-ൽ ചേർന്ന സമിതി സൂക്ഷ്മപരിശോധന നടത്തുകയും നികുതി, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

8. 2014-ലെ ദ കേരള സ്വീറ്റ് ടോഡി (നീര) റൂൾസിലെ ചട്ടം 3(1), 3(2) എന്നിവ പ്രകാരം bonafide jaggery tappers, the Kerala State Beverages (Manufacturing and Marketing) Corporation Ltd, the Coconut Producers Society/Committee, Coconut Producers Federation registered under the Coconut Development Board, Kerala Agriculture University, Agro Industries Corporation, Coconut Development Corporation എന്നിവയ്ക്കാണ് നീരയും അതിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളും ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും അനുവാദം ലഭിച്ചിട്ടുള്ളതെന്നും 2014-2015-ൽ 195 പേർക്കും 2015-2016-ൽ 200 പേർക്കും ലൈസൻസ് അനുവദിച്ചെന്നും 2016-2017-ൽ 119 പേരും 2017-2018-ൽ 71 പേരും 2018-2019-ൽ 42 പേരും മാത്രമാണ് ലൈസൻസ് പുതുക്കിയതെന്നും ലൈസൻസികളുടെ എണ്ണം കുറഞ്ഞുവരികയാണെന്നും വലിയ പ്രതീക്ഷയോടെ വിപണിയിലിറക്കിയ 'നീര'യ്ക്ക് വിപണി പിടിച്ചടക്കുവാൻ സാധിക്കാതിരുന്നതിനുള്ള പ്രധാന കാരണം തൊഴിലാളി പ്രശ്നവും ഉൽപന്നത്തിന്റെ ഉയർന്ന വിലയുമാണെന്നും സമിതി മനസ്സിലാക്കുന്നു.

9. ചട്ടം 3 (1)-ലെ അഞ്ചാം വരിയിലെ 'Society Committee' എന്നതും ചട്ടം 3(2)-ലെ അഞ്ചാം വരിയിലെ 'Society.Committee' എന്നതും 'Society/Committee' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ചട്ടം 3 (2)-ലെ ഒന്നാം വരിയിലെ 'roles' എന്നത് 'rules' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 4(3) പ്രകാരം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്ക് ലഭിക്കുന്ന ലൈസൻസിനുള്ള അപേക്ഷയിന്മേൽ തീർപ്പ് കൽപിക്കുന്നതിനുള്ള കാലപരിധി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ തീർപ്പ് കൽപിക്കുന്നതിനുള്ള കാലപരിധി ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ചട്ടം 4(4) പ്രകാരം വിവിധ മേഖലകളിൽ നിന്നുള്ള അപേക്ഷകൾ അതത് റേഞ്ച് ഇൻസ്പെക്ടർമാർ പരിശോധിച്ച് വൃക്ഷങ്ങൾ മാർക്ക് ചെയ്യുന്നതിന് മൂന്നാഴ്ച സമയം അനിവാര്യമാണെന്നും ഈ കാലയളവിൽ ടാപ്പിംഗ് നിർത്തിവച്ചാൽ വൃക്ഷങ്ങൾ നശിച്ചുപോകുമെന്നതിനാൽ വൃക്ഷങ്ങൾ മാർക്ക് ചെയ്യുന്നതിനു മുമ്പുള്ള മൂന്നാഴ്ച, ടാപ്പിംഗ്

നടത്തുന്നതിന് താൽക്കാലികമായി അനുവാദം നൽകാറുണ്ടെന്നും ചട്ടം 4(5) പ്രകാരമുള്ള ടാപ്പർമാരെ ലഭിക്കാത്ത അവസ്ഥയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

13. ചട്ടം 4(5)-ൽ പ്രതിപാദിക്കുന്ന 'Neera technicians'-ന്റെ നിർവ്വചനം ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചട്ടം (2)-ൽ അത് ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ചട്ടം 4(7) പ്രകാരം Coconut, Palmyrah എന്നീ വൃക്ഷങ്ങൾ 20 എണ്ണം വീതം ടാപ്പ് ചെയ്യാൻ ലൈസൻസ് അനുവദിക്കുമ്പോൾ ചൂണ്ടപ്പനയുടെ എണ്ണം 10 ആയി പരിമിതപ്പെടുത്തുന്നത് ചൂണ്ടപ്പനയിൽ നിന്നും ലഭിക്കുന്ന മധുരക്കള്ളിന്റെ അളവ് കൂടുതലായതിനാലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഒരു ടാപ്പർക്ക് പരമാവധി അൻപത് വൃക്ഷങ്ങൾ ടാപ്പ് ചെയ്യുന്നതിനുള്ള അനുവാദമുണ്ടെങ്കിലും അത് ബുദ്ധിമുട്ടുള്ള കാര്യമാണെന്നും എന്നാൽ ഒരു വൃക്ഷം ടാപ്പ് ചെയ്തതിനുശേഷം അതിൽ നിന്നിറങ്ങാതെ മറ്റൊരു വൃക്ഷത്തിൽ പോയി ടാപ്പിംഗ് നടത്തുന്ന വിദഗ്ദ്ധമായ രീതി അവലംബിച്ചാൽ ഒരു വ്യക്തിക്ക് ഒരു ദിവസം നൂറ് വൃക്ഷം വരെ ടാപ്പ് ചെയ്യാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

15. ചട്ടം 4(7)-ലെ The Deputy Commissioner of Excise may at his discretion on allow a large number of trees than the maximum prescribed എന്ന വാചകത്തിലെ 'on allow' എന്നതിന് പകരം 'allow' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ചട്ടം 4(7) പ്രകാരം ഒരു ടാപ്പർക്ക് പരമാവധി അൻപത് വൃക്ഷങ്ങൾ ടാപ്പ് ചെയ്യുന്നതിനുള്ള അനുവാദമാണ് നൽകുന്നതെങ്കിലും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ വിവേചനാധികാരം ഉപയോഗിച്ച് ഒരു പ്രദേശത്ത് ഉയരം കുറഞ്ഞ തെങ്ങുകളാണെങ്കിൽ കൂടുതൽ എണ്ണം അനുവദിക്കാമെന്നും എന്നാൽ ഉയരം കൂടിയ തെങ്ങുകളാണെങ്കിൽ അങ്ങനെ അനുവദിക്കാനാവില്ലെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിവേചനാധികാരം ഉപയോഗിക്കുന്നത് എപ്രകാരമാണെന്നത് ചട്ടത്തിൽ വ്യക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ചട്ടം (5) പ്രകാരം പരിശോധനയ്ക്കായി നീരയുടെ 'എ', 'ബി' സാമ്പിളുകൾ ശേഖരിക്കുമ്പോൾ, 'ബി' സാമ്പിൾ ലൈസൻസിക്ക് കൈമാറണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിനുപകരം 'ബി' സാമ്പിൾ അതത് എക്സൈസ് ഓഫീസിൽ സൂക്ഷിക്കേണ്ടതാണെന്ന രീതിയിൽ ചട്ടത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ചട്ടം (6) പ്രകാരം ലൈസൻസ് പുതുക്കി നൽകുമ്പോൾ നിലവിലുള്ള ലൈസൻസിൽ തന്നെ 'Renewed for the year' എന്ന് എഴുതി നൽകുന്നതിനാൽ ലൈസൻസ് പുതുക്കി നൽകുന്നതിനായി പ്രത്യേക ഫോമിന്റെ ആവശ്യമില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

19. 'നീര'യുടെ ലൈസൻസ് സസ്പെന്റ്/റദ്ദ് ചെയ്യുന്നതിനുള്ള അധികാരി എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറാണെന്നും അങ്ങനെയുള്ള കേസുകൾ നാളിതുവരെ ഉണ്ടായിട്ടില്ലെന്നും ലൈസൻസ് സസ്പെന്റ്/റദ്ദ് ചെയ്യുമ്പോൾ നോട്ടീസ് കൊടുത്ത് മറുപടി ആവശ്യപ്പെടുമെന്നും പാർട്ടിക്ക് ഹിയറിംഗിന് എക്സൈസ് കമ്മീഷണർ പതിനഞ്ച് ദിവസത്തെ സമയമാണ് നൽകുന്നതെന്നും അതിനനുസരിച്ചിട്ടാണ് തുടർനടപടി കൈക്കൊള്ളുന്നതെന്നും തെളിവെടുപ്പ് വേളയിൽ നടന്ന ചർച്ചയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലൈസൻസ് സസ്പെന്റ്/റദ്ദ് ചെയ്യുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്നുള്ളത് വ്യക്തമാക്കി ചട്ടം 6(2) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ഗവേഷണത്തിനായി സർക്കാർ ഏജൻസികൾ, ലബോറട്ടറികൾ, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങൾ 'നീര' ടാപ്പ് ചെയ്യുന്നതിനുള്ള ലൈസൻസ് ആവശ്യപ്പെടുമ്പോൾ നിബന്ധനകൾ വച്ചുകൊണ്ട് ലൈസൻസ് നൽകുന്നതിനാവശ്യമായ പ്രൊസീഡിംഗ്സ്, എക്സൈസ് കമ്മീഷണർ ഇറക്കുകയാണ് ചെയ്യുന്നതെന്ന് സമിതി മനസ്സിലാക്കുന്നു.

21. ചട്ടം 8(3) പ്രകാരമുള്ള അപ്പീലിന്മേൽ തീർപ്പ് കൽപിക്കേണ്ട കാലയളവ് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒരു മാസത്തിനുള്ളിൽ അപ്പീലിന്മേൽ തീർപ്പ് കൽപിക്കണമെന്ന വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ചട്ടം 9(1)-ലെ നാലാം വരിയിലെ '₹ 5000 or 50%' എന്നത് '₹ 5000 (Rupees Five Thousand only) or 50% (Fifty percent)' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ചട്ടം 9(3)-ലെ മൂന്നാം വരിയിലെ '₹ 1000' എന്നത് '₹ 1000 (Rupees One Thousand only)' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ഫോറം I-ലെ 'PRIVILEGES' എന്നത് 'PRIVILEGE' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. ഫോറം നമ്പർ I-ലെ ക്രമനമ്പർ 2-ലെ രണ്ടാമത്തെ വരിയിലെ 'or' എന്ന വാക്കും നാലാമത്തെ വരിയിലെ '/' എന്ന ചിഹ്നവും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ഫോറം നമ്പർ I-ലെ ക്രമനമ്പർ 8-ൽ number of trees available for tapping എന്ന് പറയുന്നുണ്ടെങ്കിലും ഏതുതരം വൃക്ഷങ്ങളാണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ അതുകൂടി ഫോമിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ഫോറം നമ്പർ II-ന്റെ കണ്ടീഷൻ (4)-ലെ 'proper officer' എന്നത് 'authorised officer' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ഫോറം നമ്പർ II-ന്റെ കണ്ടീഷൻ (7) പ്രകാരം ലൈസൻസി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ഏതെല്ലാമാണെന്നും രജിസ്റ്ററുകൾ പരിശോധനയ്ക്കായി സമർപ്പിക്കേണ്ട കാലയളവും ചട്ടത്തിൽ വ്യക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ഫോറം നമ്പർ II-ന്റെ അവസാന ഭാഗത്തുള്ള 'Deputy Commissioner of Excise' എന്നത് 'Signature of Deputy Commissioner of Excise' എന്ന് ഭേദഗതി വരുത്തണമെന്നും അവസാനമായി '(Seal)' എന്ന് കൂട്ടി ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിന്റെ നിയന്ത്രണത്തിൽ നീരയുടെയും അതിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും ഉൽപാദനവും വിപണനവും ഊർജ്ജിതമാക്കുന്നതിനും കേരകർഷകർക്ക് ന്യായമായ പാട്ടം ലഭ്യമാക്കുന്നതിനും നീര ടെക്നീഷ്യൻസിന് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുകൊണ്ടും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയും കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് നീര പരിചയപ്പെടുത്തികൊണ്ടും നീരയുടെയും അതിൽ നിന്നും ഉൽപാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും ഉൽപാദനവും വിപണനവും വ്യാപിപ്പിക്കുവാൻ സാധിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

അനുബന്ധം

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2014 ഫെബ്രുവരി 14<br>14th February 2014<br>1189 കുംഭം 2<br>2nd Kumbham 1189<br>1935 മാഘം 25<br>25th Magha 1935 | നമ്പർ<br>No. 514 |



GOVERNMENT OF KERALA

Taxes (G) Department

NOTIFICATION

G.O. (P) No. 27/2014/TD. *Dated, Thiruvananthapuram, 14th February, 2014.*

S. R. O. No. 116/2014.—In exercise of the powers conferred by section 29 read with sections 12 and 24 of the Abkari Act, 1077 (1 of 1077) and in supersession of the rules for the issue of licences for drawing sweet toddy (NEERA) issued under Notification No. 26 dated 22nd August, 1931 published in the Cochin Gazette dated 6th Chingam 1107, the Government of Kerala hereby make the following rules, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2014

33-811-2014-DTP.

## Rules

1. *Short title and commencement.*—(1) These rules may be called the Kerala Sweet Toddy (NEERA) Rules, 2014.

(2) They shall come into force at once.

2. *Definitions.*—In these Rules, unless the context otherwise requires,—

(a) "Act", means the Abkari Act 1 of 1077;

(b) "Applicant" means the Coconut Producers Society/Committee, Coconut Producers Federation registered under Coconut Development Board, the bonafide jaggery tappers, the Kerala State Beverages (Manufacturing and Marketing) Corporation Limited, Kerala Agriculture University, Agro Industries Corporation and Coconut Development Corporation;

(c) "Agro Industries Corporation" means the Kerala Agro Industries Corporation Limited incorporated under the Companies Act, 1956 (Central Act 1 of 1956);

(d) "Coconut Development Corporation" means the Kerala State Coconut Development Corporation incorporated under the Companies Act 1956, (Central Act 1 of 1956);

(e) "Coconut Development Board (CDB)" means the Board established under the Coconut Development Board Act, 1979 (Central Act 5 of 1979);

(f) "Coconut Producers Society (CPS)/Committee" means an association of 40 to 100 coconut farmers in a contiguous area, registered as a society and subsequently registered with the Coconut Development Board;

(g) "Coconut Producers Federation (CPF)" means a union of 10 to 25 Coconut Producers Societies, registered as a Society and subsequently registered with Coconut Development Board;

(h) "Form" means the forms appended to these rules;

(i) "Joint Commissioner of Excise" means an officer in charge of an Excise Zone and includes any officer appointed by the Government under clause (b) of section 4 of the Act authorized to exercise the powers and to perform the functions of a Joint Commissioner of Excise under these rules;

(j) "Manufactory" means the room or building specified in the licence for storing Sweet Toddy (Neera);

(k) "Sweet Toddy (Neera)" means the juice drawn from a coconut, palmyrah, choondapana or any other kind of palm tree and collected in receptacles in any manner and not subjected to fermentation;

(l) "Toddy Shop" means a shop where the privilege of possession of toddy for sale to the public and the privilege of consumption in the premises is allowed;

(m) All other words and expressions used herein and not defined in these rules shall have the meaning respectively assigned to them in the Act and other rules framed thereunder.

3. *Issue of Licence*.—(1) Licence under these rules shall be issued by the Deputy Commissioner of Excise of the Division concerned, for the privilege of manufacture of Neera to bonafide jaggery tappers, the Kerala State Beverages (Manufacturing and Marketing) Corporation Limited, the Coconut Producers Society Committee, Coconut Producers Federation registered under the Coconut Development Board, Kerala Agriculture University, Agro Industries Corporation and Coconut Development Corporation on payment of an annual licence fee of ₹ 100 (Rupees One Hundred only).

(2) Licence under these roles shall be issued by the Deputy Commissioner of Excise of the Division concerned, for the manufacture of value added products from Neera to bonafide jaggery tappers, the Kerala State Beverages (Manufacturing and Marketing) Corporation Limited, the Coconut Producers Society. Committee, Coconut Producers Federation registered under the Coconut Development Board, Kerala Agriculture University, Agro Industries Corporation and Coconut Development Corporation.

(3) Licence under these rules shall be issued by the Deputy Commissioner of Excise of the Division concerned, for the distribution of Neera and its value added products to a distributor.

(4) The Excise Commissioner reserves the right to declare the number of licences that can be issued under these rules in each district during the financial year, subject to the conditions as may be specified by the Government from time to time.

(5) All licences issued under these rules shall be in force from 1st day of April to 31st day of March of each year.

(6) No licence to tap sweet toddy (Neera) shall be issued to any toddy shopkeeper or to any tapper employed by such shopkeeper.

(7) No Neera or its value added products shall be manufactured or distributed without a licence obtained under these rules.

4. *Conditions for issue of Licence.*—(1) No applicant is eligible for the privilege, if he is convicted for any offence under the Abkari Act 1 of 1077 and rules made thereunder or any other criminal offence and sentenced to imprisonment for more than three years.

(2) The applicant is liable to pay contribution to the Toddy Workers Welfare Fund Board, unless he produces from the Welfare Fund Inspector concerned, a certificate to the effect that he has remitted the arrears of contributions payable up to the 31st day of December of the preceding year.

(3) The application for the grant of licence shall be made in Form No.1 to the Deputy Commissioner of Excise of the Division concerned. On receipt of the application, the Deputy Commissioner of Excise shall verify the application, and if the conditions prescribed for the grant of licence are found to have been complied with, he shall issue the licence in Form No.II, appended to these rules. The Deputy Commissioner of Excise may reject the application for reasons recorded in writing.

(4) The Deputy Commissioner of Excise shall at once take necessary steps for marking of the trees, after the issue of licence. The trees shall be marked by an officer not below the rank of an Excise Inspector. Necessary permits shall be issued by the Deputy Commissioner of Excise for tapping. The applicants shall point out to the marking officer, the trees applied for marking, without any delay and if the trees are not pointed out even after due notice, the Deputy Commissioner of Excise in his discretion can cancel the licence if, already granted.

(5) The licensee shall engage only tappers registered with the Kerala Toddy Workers Welfare Fund Board for tapping Neera. If sufficient number of such tappers are not available, the licensee can engage Neera technicians for the purpose. Provided that they shall also be registered with the Kerala Toddy Workers Welfare Fund Board.

(6) Tree Tax is exempted for drawing sweet toddy (Neera).

(7) Only one tree tapping licence will be granted to an applicant, irrespective of the number of trees applied for. The maximum number of trees that can be conveniently tapped by one licensee is as prescribed below, namely:—

| | | |
|---|---|---|
| 1. | Coconut | 20 |
| 2. | Palmyrah | 20 |
| 3. | Choondappana | 10 |

The Deputy Commissioner of Excise may at his discretion on allow a larger number of trees than the maximum prescribed.

(8) Applications shall be received, licences issued and trees marked during the month preceding the year for which they are required to take effect from the beginning of such year, provided that no sweet toddy (Neera) shall be drawn, except during the currency of such licence. The licensees shall not tap any tree in excess of the number for which he has applied for or is licensed to tap, nor shall he be allowed to tap for fermented toddy

(9) No tree shall be tapped or sweet toddy (Neera) shall be drawn from any tree, or any pot be attached for the purpose, until the trees have been marked by the authorised officer in accordance with these rules; provided that the Deputy Commissioner of Excise may, where he considers necessary to do so, permit applicants, as a concession, to begin operations of tapping and drawing Neera (Sweet Toddy) in anticipation of issuance of the licence and marking of trees. Such concessional tapping and drawing shall, however, be subsequent to the date of the application, and can do so only on the authority of a temporary licence granted by the Deputy Commissioner of Excise. The trees so tapped shall be only those trees mentioned in the application and not otherwise.

(10) Neera tappers shall neither transport Neera to a toddy shop nor conduct sale of Neera.

5. *Procedure for taking samples of Neera from manufactory.* --Excise Officers not below the rank of Excise Inspector shall at any time take samples from the Neera drawn and also from processed Neera kept ready for sale in the manufactory and subject it to chemical analysis in the Chemical Examiner's Laboratories so as to ensure that it is fit for consumption and does not contain any alcohol. The samples shall be taken in two bottles labelled as 'A' and 'B' and in each bottle 300 ml of Neera shall be collected. The bottle marked as 'A' shall be sent to the Chemical Examiner for chemical analysis and 'B' sample shall be handed over to the licensee for safe custody. While taking the samples, in addition to the seal of the officer concerned, the seal of the licensee or his representatives shall also be affixed, if the licensee desires so.

6. *Renewal and Suspension or Cancellation of Licence*—(1) The Deputy Commissioner of Excise concerned is competent to renew the licence issued under these rules in accordance with the Abkari policy of the Government issued from time to time, provided there is no change in the nature, content or scope of the licences or premises.

(2) The licence is subject to suspension or cancellation in the event of any breach of its conditions or on the commission of any offence against the Abkari laws on the part of the licensee or any person in his employment.

7. *Licence for Research Purposes.* --Notwithstanding anything contained in these rules, the Commissioner of Excise may permit issue of licences for tapping of Neera (Sweet Toddy) for research purposes, subject to such conditions as the Commissioner may prescribe.

8. *Appeals.*---(1) An appeal against an order of the Deputy Commissioner of Excise under these rules shall be filed to the Excise Commissioner.

(2) An appeal against an order passed by the Excise Commissioner shall lie to the Government.

(3) Every appeal shall be filed within one month from the date of the order appealed against.

9. *Fine and Penalty.*—(1) Whoever manufacture, distribute or causes to manufacture, distribute Neera or its value added products in contravention of these rules or any order issued there under shall be imposed with a fine of ₹ 5,000 or 50% of the total value of the products involved, whichever is higher.

(2) The Deputy Excise Commissioner concerned is competent to impose the fine.

(3) Infraction of any of the rules or conditions of licence issued under these rules, either by the licensee or by any person in his employment shall entail on the licensee or his agent or both a fine of ₹ 1,000 or cancellation of licence or both. An officer of and above the rank of Deputy Commissioner of Excise shall be competent to impose all or any of the above penalties

(4) The imposition of fine or the cancellation of a licence shall not however relieve the licensee or his agent from the liability to be prosecuted for any specific offences committed against the Abkari Act or under these rules.

FORM No. I

[*See* sub-rule (3) of rule 4]

[The Kerala Sweet Toddy (NEERA) Rules, 2014]

APPLICATION FOR OBTAINING PRIVILEGES OF MANUFACTURE, POSSESSION, PROCESSING OF SWEET TODDY (NEERA)/ PRODUCTION OF VALUE ADDED PRODUCTS

1. Name of the Applicant ..
2. Specify whether the applicant is a Coconut Producers Society/or Committee/Coconut Producers Federation/or others ..
3. Whether the applicant is registered with the Coconut Development Board (If applicable) ..
4. Whether the applicant is convicted of any Abkari offence or any criminal offence and sentenced to imprisonment for more than three years ..
5. Whether any Abkari arrears pending against the Applicant ..
6. Whether the Applicant has any arrears towards Toddy Workers Welfare Fund. If yes, state whether the arrears as on December 31st of the preceding year has been remitted
7. Number of Tappers employed by the Applicant ..
8. Number of Members in the Society with the number of trees available for tapping ..
9. Recommendation of the Coconut Development Board. (If applicable) ..

DECLARATION

I/We hereby declare that the informations furnished above are true or correct to the best of my knowledge and belief.

Place:

Date:

*Name and signature of the Applicant.*

FORM No. II

[*See* sub-rule (3)of rule 4)

[The Kerala Sweet Toddy (NEERA) Rules, 2014]

## LICENCE FOR THE PRIVILEGE OF MANUFACTURE, POSSESSION AND PROCESSING OF SWEET TODDY (NEERA)/PRODUCTION OF VALUE ADDED PRODUCTS

I............ ........the Deputy Commissioner of Excise of the ............................ Division hereby grant licence under the provisions of the Kerala Sweet Toddy (Neera) Rules, 2014 to you.............................to manufacture, possess and process sweet toddy (Neera)/production of value added products from Neera in wholesale in the building situated as shown in the Schedule during the period from the 1st day of April ........... to the 31st day of March ............................ subject to the following conditions, namely:—

(1) The privilege under this licence includes the privilege of manufacture, possession, processing, sale of sweet toddy (Neera) and production of value added products from Neera.

(2) The licensee shall point out to the marking officer, the trees applied for marking without any delay.

(3) The licensee shall not tap any tree in excess of the number for which he has applied for and is granted licence to tap.

(4) No tree shall be tapped or sweet toddy (Neera) be drawn from any tree or any pot be attached for the purpose, until the trees are marked by the proper officer in accordance with these rules as the Deputy Commissioner of Excise may specify:

Provided that the Deputy Commissioner of Excise may, where he considers necessary to do so, permit applicants to begin the operation of tapping and drawing sweet toddy (Neera) in anticipation of marking of the trees and issuing of licence. The tree so tapped shall be those mentioned in the application.

(5) The sweet toddy (Neera) shall be drawn only between 6 a.m. and 6 p.m.

(6) No Sweet Toddy (Neera) drawn under this licence shall be issued to a toddy shop.

(7) The licensee shall maintain day to day true accounts of transactions in such registers as may be prescribed from time to time by the Excise Commissioner and shall furnish such information and statistics as may be called for by any officer of the Excise Department, not below the rank of Excise Inspector.

(8) The licensee shall not lease out, sell or otherwise transfer his licence under any circumstances.

(9) Infraction of any of the rules or conditions of this licence either by the licensee or by any person in his employment shall entail on the licensee or his agent or both a fine of ₹ 1,000 (Rupees One Thousand Only)or cancellation of licence or both. An officer of and above the rank of Deputy Commissioner of Excise shall be competent to impose all or any of the above penalties.

SCHEDULE SHOWING THE BOUNDARIES OF THE LICENCED PREMISES

| Taluk, Village, Muri | Building No. | Bounded on the | | | |
|---|---|---|---|---|---|
| | | North by | East by | South by | West by |
| | | | | | |

Place :

Date :

Deputy Commissioner of Excise.

By order of the Governor,

A. AJITH KUMAR,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per G. O.(Ms.) No.160/2013/TD dated 23rd September, 2013, the Government have given permission for the manufacture and distribution of Neera and its value added products, subject to the provisions specified in the said Government Order. The Government vide G. O. (Ms.) No.17/2014/TD dated 3rd February, 2014 have modified the above said Order and gave permission for the manufacture and distribution of Neera and its value added products, to the bonafide jaggery tappers, Kerala State Beverages (Manufacturing and Marketing) Corporation Limited, Coconut Producers Society/Committee and Coconut Producers Federation registered under the Coconut Development Board, Kerala Agriculture University, Agro Industries Corporation and Coconut Development Corporation. Hence Government have decided to issue these rules by superseding the existing rules for the issue of licences for drawing sweet toddy (NEERA).

The notification is intended to achieve the above object.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.